# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 129. 12/06/2019 -ൽ മറുപടിക്ക്

## സ്വയംഭരണ കോളേജുകളുടെ പ്രവർത്തനം പഠിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി.രാജേഷ്<br>,, കെ.സുരേഷ് കുറുപ്പ്<br>,, കെ.ഡി. പ്രസേനൻ<br>,, ആന്റണി ജോൺ | ഡോ.കെ.ടി.ജലീൽ<br>(ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) അക്കാദമിക സ്വയംഭരണത്തിന്റെ മറവിൽ മാനേജ്മെന്റിന്റെ തന്നിഷ്ടം നടപ്പാക്കുന്നവയും വാണിജ്യ താല്പര്യത്താൽ നയിക്കപ്പെടുന്നവയുമാണ് സംസ്ഥാനത്തെ മിക്ക ഓട്ടോണമസ് കോളേജുകളും എന്ന കാര്യം പരിശോധനാ വിധേയമാക്കിയിരുന്നോ;<br>(ബി) തോന്നുംപടി സിലബസ് നിശ്ചയിച്ച് ഇഷ്ടാനുസരണം ഫീസ് വാങ്ങി സുതാര്യമല്ലാത്ത രീതിയിൽ പരീക്ഷ നടത്തുന്ന സ്വകാര്യ ഓട്ടോണമസ് മാനേജ്മെന്റുകൾ ശാസ്ത്ര ബോധവും അന്വേഷണാത്മകതയും സ്വതന്ത്ര ചിന്തയും നിരുത്സാഹപ്പെടുത്തി മതേതര ജനാധിപത്യ സംവിധാനത്തിനു തന്നെ ഹാനികരമാകുന്ന രീതിയിൽ പ്രവർത്തിക്കുന്നതായുള്ള | (എ) യും (ബി) യും സംസ്ഥാനത്തെ സ്വയംഭരണ പദവി ലഭിച്ച കോളേജുകളുടെ അക്കാദമിക നിലവാരത്തിലുണ്ടായ മാറ്റം വിലയിരുത്തുന്നതിന് വേണ്ടി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന ഒരു മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളുടെ പ്രവർത്തനം വിലയിരുത്തുകയും പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് ഓട്ടോണമി അപ്രൂവൽ കമ്മിറ്റി യോഗം വിശദമായി ചർച്ച ചെയ്യുകയുണ്ടായി. സ്വയംഭരണ കോളേജുകളുടെ അക്കാദമിക നിലവാരം ഉറപ്പാക്കാൻ ഓട്ടോണമി അപ്രൂവൽ നിയമം ഭേദഗതി ചെയ്യണമെന്ന് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. ഇതിനായുള്ള കരട് നിർദ്ദേശം സമർപ്പിക്കുവാൻ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

അധ്യാപകരുടെയും ചിന്തകരുടെയും നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഇവയുടെ പ്രവർത്തനം പഠിക്കാൻ നടപടിയെടുത്തിരുന്നോ; വിശദാംശം അറിയിക്കാമോ;

കൂടാതെ സംസ്ഥാനത്ത് നിലവിൽ സ്വയംഭരണ പദവി ലഭിച്ചിട്ടുള്ള കോളേജുകളുടെ പെർഫോമൻസ് അപ്രൈസൽ റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) സ്വകാര്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്ന യു.ജി.സി. മാനദണ്ഡത്തിന്റെ പേരിൽ സംസ്ഥാനത്തെ എയിഡഡ് സ്വകാര്യ കോളേജുകൾ പുതുതായി ഓട്ടോണമസ് പദവിക്കായി ആവശ്യപ്പെട്ടിട്ടുണ്ടോ?

(സി) നിലവിൽ ഏതാനും ചില കോളേജുകൾ സ്വയംഭരണ പദവി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിലുള്ള ഓട്ടോണമി അപ്രൂവൽ നിയമത്തിൽ മാറ്റങ്ങൾ വരുത്തിയതിനുശേഷം മാത്രമേ പുതിയ കോളേജുകൾക്ക് സ്വയംഭരണം അനുവദിക്കുന്ന വിഷയത്തിൽ സർക്കാർ തീരുമാനം എടുക്കുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**